## കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാലാ സെനറ്റിലേക്ക് നിയമസഭാ സാമാജികരിൽനിന്നുള്ള മൂന്ന് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്-2024

[കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാലാ ആക്ടിന്റെ അദ്ധ്യായം-III-ലെ 10-ാം വകുപ്പിൽ 3-ാം ഉപവകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന്റെ (i)-ാം ഇനം അനുസരിച്ച് ]

### വിജ്ഞാപനം

നമ്പർ 20505/ലെജിൻ3/2023/നി.സെ        തിരുവനന്തപുരം, 2024 മാർച്ച് 1

2011-ലെ 5-ാം നമ്പർ ആക്ടായ 2010-ലെ കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല ആക്ടിന്റെ അദ്ധ്യായം III വകുപ്പ് 10(1)3(i) ഉം കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാലയുടെ വിവിധ അധികാര സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച സ്റ്റാറ്റ്യൂട്ടിന്റെ അദ്ധ്യായം XXI ഭാഗം 1 ഖണ്ഡം 2(2) ഉം ചേർന്ന് സ്പഷ്ടമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭാ സാമാജികരിൽനിന്നും കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാലാ സെനറ്റിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച വിജ്ഞാപനം ചുവടെ ചേർക്കുന്നു.

1. കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാലയുടെ സെനറ്റിലേക്ക് നിയമസഭാ സാമാജികരിൽ നിന്നും പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ട ഒരാൾ ഉൾപ്പടെ മൂന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി ആനുപാതിക പ്രാതിനിധ്യ തത്വമനുസരിച്ച് കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന കേരള നിയമസഭാ സാമാജികരിൽ നിന്ന് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

2. ഒരു സ്ഥാനാർത്ഥിയോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2024 മാർച്ച് 18-ാം തീയതി തിങ്കളാഴ്ചയ്ക്കുപ്പുറമാകാത്ത ഏത് തീയതിയിലും (പൊതു ഒഴിവു ദിവസങ്ങളൊഴികെ) പകൽ 11 മണിക്കും 4 മണിക്കും ഇടയിൽ തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് നാമനിർദ്ദേശപത്രികകൾ വരണാധികാരിയെ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

(മറുപുറം)

3. നാമനിർദ്ദേശത്തിനുള്ള ഫാറങ്ങൾ മുൻപറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്.

4. തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് 2024 മാർച്ച് 19-ാം തീയതി ചൊവ്വാഴ്ച പകൽ 11 മണിക്ക് നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മപരിശോധനയ്ക്ക് എടുക്കുന്നതും സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അന്ന് വൈകുന്നേരം 4 മണിക്ക് നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

5. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2024 മാർച്ച് മാസം 25-ാം തീയതി, തിങ്കളാഴ്ച വൈകുന്നേരം 4 മണിക്ക് മുമ്പായി വരണാധികാരിക്ക് നൽകാവുന്നതാണ്.

6. മൽസരരംഗത്തുള്ള സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് 2024 മാർച്ച് 26-ാം തീയതി ചൊവ്വാഴ്ച നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

7. വോട്ടെടുപ്പ് ആവശ്യമായി വരുന്ന പക്ഷം 2024 ഏപ്രിൽ മാസം 8-ാം തീയതി തിങ്കളാഴ്ച ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പറുകൾ അയച്ചു കൊടുക്കുന്നതാണ്.

8. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറുകൾ തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും 2024 ഏപ്രിൽ മാസം 23-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4 മണി ആയിരിക്കുന്നതാണ്.

9. വോട്ടുകളുടെ സൂക്ഷ്മപരിശോധനയും വോട്ടെണ്ണലും 2024 ഏപ്രിൽ മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽവച്ച് നടത്തുന്നതാണ്.

**ഷാജി സി. ബേബി,**

*വരണാധികാരി &*

*സെക്രട്ടറി-ഇൻ ചാർജ്ജ്, കേരള നിയമസഭ.*